**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ജീവനക്കാര്യം- പരുത്തൂർ ഗ്രാമപഞ്ചായത്തിലെ എൽ. ഡി.ക്ലാർക്ക് ശ്രീ. മഹേഷ് മോഹൻ എം.ജി.യുടെ പിതാവിന്റെ ചികിൽസയ്ക്ക് പലിശ രഹിതവായ്പ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.**3073/2015/**തസ്വഭവ . തീയതി, തിരുവനന്തപുരം, **06/10/2015**

---

പരാമർശം : 1) പഞ്ചായത്ത് ഡയറക്ടറുടെ 03/06/2015 ലെ എഫ്2-17491/15 നമ്പർ കത്ത്.

2) തിരുവനന്തപുരം ശ്രീചിത്രാ ആശുപത്രിയിൽ നിന്നുള്ള 22/04/2015 ലെ സർട്ടിഫിക്കറ്റ്.

3) പരുത്തൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20/05/2015 ലെ VII- ാം നമ്പർ തീരുമാനം.

## ഉത്തരവ്

പരുത്തൂർ ഗ്രാമപഞ്ചായത്തിലെ എൽ. ഡി.ക്ലാർക്ക് ശ്രീ. മഹേഷ് മോഹൻ എം.ജി.യുടെ പിതാവിന് പാർക്കിൻസൺ രോഗ സംബന്ധമായ ചികിൽസയോടനുബന്ധിച്ച് തിരുവനന്തപുരത്തെ ശ്രീ ചിത്രാ മെഡിക്കൽ ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തുന്നതിന് 10,50,000/- രൂപ അനുവദിക്കുന്നതിന് അനുമതിയ്ക്കായി പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരുത്തൂർ ഗ്രാമപഞ്ചായത്തിലെ എൽ. ഡി.ക്ലാർക്ക് ശ്രീ. മഹേഷ് മോഹൻ എം.ജി.യുടെ പിതാവിന്റെ പാർക്കിസൺ രോഗ സംബന്ധമായ ചികിൽസയോടനുബന്ധിച്ച് ശസ്ത്രക്രിയയ്ക്ക് ആവശ്യമായ 10,50,000/- രൂപ (പത്തുലക്ഷത്തി അൻപതിനായിരം രൂപാ മാത്രം ) പരുത്തൂർ ഗ്രാമപഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ അതുലഭ്യമല്ലെങ്കിൽ മെയിന്റനൻസ് ഫണ്ടിൽ നിന്നോ അതും ലഭ്യമല്ലെങ്കിൽ പ്ലാൻ ഫണ്ടിൽ നിന്നോ ശ്രീ. മഹേഷ് മോഹൻ എം.ജി. എൽ.ഡി.ക്ലാർക്കിന് പലിശ രഹിതവായ്പ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുക 48 തവണകളായി ശ്രീ. മഹേഷ് മോഹൻ എം.ജി.യുടെ ശമ്പളത്തിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്. പ്രസ്തുത വിവരം അപേക്ഷകന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രത്നമ്മ.വി**
**ഗവ.ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി,പരുതുർ ഗ്രാമപഞ്ചായത്ത്
ധനകാര്യ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (25/09/2015 ലെ യു.ഒ നമ്പർ 13894/ജി2/15/ആകുവ പ്രകാരം)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ